തിരുവിതാംകൂർ വിഭാഗത്തിൽപെട്ട വൈദ്യന്മാരുടെ ശമ്പളക്രമം ന ൦–ന–ര ൪–, ര ൪– ൪– ഩ ൪–, വ ൦–൪–൧൦൦–, ൧൦൦–൪–൧൨൪–ം ആണ്.

(ഡി. ഇ.) ഇപ്പോൾ ഉണ്ട്.

കൊച്ചി വിഭാഗത്തിൽപെട്ടവക്ക്.— ര ൦ രൂപാവരെയുള്ളവക്ക് ൨൦ രൂപാ പ്രതിമാസം ക്ഷാമപ്പടി കൊടുക്കുന്നുണ്ട്. ര ൦-ന മേൽ ൨൦൦ വരെ ശമ്പളമുള്ളവക്ക് ൨൨½ രൂപായോ അതായത് ൨൦ ശതമാനമോ ഏതാണ് കൂടുതൽ ഗുണപ്രദം അതനുസരിച്ച് ഓരോരുത്തക്കും ക്ഷാമപ്പടി കൊടുക്കുന്നുണ്ട്.

ഇതു കൂടാതെ തൃശ്ശിവപേരൂർ ജോലി നോക്കുന്നവക്ക് ശമ്പളത്തിന്റെ ൧൦ ശതമാനവും, ഏറണാകുളത്തും മട്ടാഞ്ചേരിയിലും ജോലി നോക്കുന്നവക്ക് ശമ്പളത്തിന്റെ ൧൫ ശതമാനവും നഗരപ്പടിയായും കൊടുക്കുന്നുണ്ട്.

തിരുവിതാംകൂർ വിഭാഗത്തിൽപെട്ടവക്ക്.— ൨ ൫നു മേൽ ര ൫ രൂപാവരെയുള്ളവക്ക് ൨ ര രൂപായും ര ൫നു മേൽ ൧൦൦ രൂപാവരെ ശമ്പളം ഉള്ളവക്ക് ന ൦ രൂപായും ക്ഷാമപ്പടി കൊടുത്തുവരുന്നു. ൧൦൦നു മേൽ ൧൧൦ വരെയുള്ളവക്ക് ക്ഷാമപ്പടി ഉൾപ്പെടെ ൧൯൦ രൂപാ കൊടുക്കുകയും ൧൧൦നു മേൽ ൧൫൦ വരെയുള്ളവക്ക് ൨൦ രൂപായും ക്ഷാമപ്പടി കൊടുത്തുവരുന്നു.

ശമ്പളസ്കെയിൽ

*ന ൫൩. (൯൧) ശ്രീ. കൃഷ്ണനയ്യപ്പൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഐക്യ സംസ്ഥാനത്തിൽ തിരുവിതാംകൂർ വിഭാഗത്തിലെ മിനിസ്റ്റീരിയൽ സ്റ്റാഫിലെ കുറഞ്ഞ ശമ്പളക്കാരായ ക്ലാക്കന്മാരുടെ ശമ്പള പരിഷ്കരണത്തെപ്പറ്റി ഗവണ്മെണ്ട് ആലോചിക്കുന്നുണ്ടോ?

(ബി) ൨൫–ന ൦ സ്കെയിലിലുള്ളവക്ക് ന ൦–ര ൫ സ്കെയിലാക്കി വർദ്ധിപ്പിക്കുവാൻ ഗവണ്മെണ്ട് നിശ്ചയിച്ചിരിക്കുന്നതായി പത്രങ്ങളിൽ കണ്ടുവാത്ത ശരിയാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) റീ ഓർഗനൈസേഷൻ കമ്മിറ്റിറി ഈവക പ്രശ്നങ്ങളെ പരിഗണിച്ചാണ് ഓരോ ഡിപ്പാർട്ടുമെണ്ടിന്റേയും റീ ഓർഗനൈസേഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചത്.

(ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

മജിസ്ട്രേട്ടന്മാർ

*ന ൫൭. (൯൨) ശ്രീ. കൃഷ്ണനയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഐക്യ സംസ്ഥാനത്തെ തിരുവിതാംകൂർ വിഭാഗത്തിൽ ആകെ എത്ര സ്റ്റേഷനറി മജിസ്ട്രേട്ടന്മാർ ഉണ്ട്; ഓരോ സമുദായത്തിലും പെട്ടവർ എത്രവീതം ഉണ്ട്.

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ആകെ ൧൯ തസ്തികകളുള്ളതിൽ പത്തെണ്ണത്തിൽ മാത്രമെ മജിസ്ട്രേട്ടന്മാരുള്ളൂ.

ബ്രാഹ്മണർ ൨

LIBRARY ARCHIVES Kerala Legislative Assembly

നായർ	൨
ഈഴവർ	൪
ഹിന്ദുനാടാർ	൧
കാത്തലിക്ക്	൧
	൧൦

സാനിട്ടറി അസിസ്റ്റണ്ടന്മാർ

*൩൪൫. (൯൩) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ് റീ ഓർഗനൈസ് ചെയ്തുകൊണ്ടുള്ള റിപ്പോർട്ടിന്മേൽ ഡിപ്പാർട്ടുമെന്റ് ജീവനക്കാരിൽനിന്നും വല്ല നിവേദനവും ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ വല്ല തീരുമാനവും ചെയ്തിട്ടുണ്ടോ;

(ബി) പുതിയ പദ്ധതിയനുസരിച്ചു സാനിട്ടറി അസിസ്റ്റണ്ടന്മാരുടെ അടിസ്ഥാന ശമ്പളം എന്താണ്;

(സി) പ്രസ്തുത ശമ്പളം ടി ജീവനക്കാരുടെ ജീവിതാവശ്യങ്ങൾക്ക് മതിയാകാത്തതിനാൽ വർദ്ധിപ്പിക്കണമെന്നു കാണിച്ച് അവരിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ വല്ല തീരുമാനവും ചെയ്യോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്. അതിന്മേൽ തീരുമാനമൊന്നും ചെയ്തിട്ടില്ല.

(ബി) പുതിയ പദ്ധതിയനുസരിച്ച് സാനിട്ടറി അസിസ്റ്റണ്ടന്മാർ മൂന്നു ഗ്രേഡുകളിൽ ഉണ്ടായിരിക്കും. അവരുടെ ശമ്പളം യഥാക്രമം ൪൫–൩–൭൫ രൂ ൦–൫–൪൫ രൂ, ൫ രൂ–൧–൫ രൂ ൦, എന്നിപ്രകാരമായിരിക്കും.

(സി) മൂന്നാമ്പ്രേഡ് സാനിട്ടറി അസിസ്റ്റണ്ടന്മാരുടെ ശമ്പളസ്കെയിൽ വർദ്ധിപ്പിക്കണമെന്നു കാണിച്ചു നിവേദനങ്ങൾ കിട്ടിവരുന്നുണ്ട്. തീരുമാനമൊന്നും ചെയ്തിട്ടില്ല.

Unstarred questions

ചേർത്തല താലൂക്കിലെ കരക്കൃഷിസ്ഥലങ്ങൾ

൧൦. (൧) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേർത്തല താലൂക്കിലെ ഓരോ പകുതികളിലും എത്ര ഏക്കർ സ്ഥലം വീതം തരിശായി കിടപ്പുണ്ട്;

(ബി) ഇവയിൽ കടിപാർപ്പിനും ആ താലൂക്കിലെ സ്ഥിതിയനുസരിച്ചു തെങ്ങ് മുതലായ (തെങ്ങിൻതൈ) വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും കൊള്ളാവുന്നവയായി ഓരോ പകുതിയിലും എത്ര ഏക്കർ വീതമുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly